പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 401 | 27.02.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഭക്ഷ്യ വസ്തുക്കളിൽ മായം കലർത്തുന്നത് തടയാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ.കെ. വിജയൻ | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചായപ്പൊടിയിൽ മായം കലർത്ത പ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃത്രിമ കളറുകളും ഇരുമ്പുപൊടിയുമാണ് സാധാരണയായി തേയി ലയിൽ കണ്ടുവരുന്ന മായങ്ങൾ. |
| ബി) | ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തുന്നത് തടയാൻ സ്വീകരി ച്ചിട്ടുള്ള നടപടികൾ എന്തൊക്കെ യാണ്. വിശദമാക്കാമോ? | ബി) | ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തുന്നത് തട യുന്നതിന് വേണ്ടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഫുഡ് സേഫ്റ്റി ഓഫീസർമാ രുടെ സഹായത്തോടുകൂടി സാമ്പിളുകൾ ശേഖ രിച്ച് സർക്കാർ നിയന്ത്രണത്തിലുള്ള ലാബുക ളിൽ പരിശോധന നടത്തിവരുന്നു. പരിശോ ധനാ റിപ്പോർട്ട് പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാരിന്റെ കീഴിലുള്ള ലാബുകളിൽ പരിശോധിക്കാൻ കഴിയാത്തവ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ റിംഗ് ലാബിലും കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ലാബിലും പരിശോധനകൾ നടത്തി കുറ്റ ക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരു ന്നു. ഫുഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട പരാ തികൾ അറിയിക്കുന്നതിന് കമ്മീഷണറേറ്റിൽ 1800 425 1125 എന്ന ടോൾഫ്രീ നമ്പർ ഓഫീസ് സമയങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ഭക്ഷ്യസുരക്ഷ കാര്യക്ഷമമാക്കുന്നതിന് വേണ്ടി രണ്ട് മൊബൈൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ